9. വന്യജീവി ആക്രമണം നേരിടുന്നതിന് എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തനം നടത്തുന്നു.

10. കാട്ടാനശല്യം നേരിടുന്നതിന് വയനാട്, മലപ്പുറം ജില്ലകളിലേക്ക് രണ്ട് എലിഫന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി. വയനാട്ടിൽ എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനം തുടങ്ങി. പ്രത്യേക സൗകര്യങ്ങളുള്ള രണ്ട് ലോറികൾ, നാല് ക്യാംപർ ജീപ്പുകൾ, മയക്കുവെടി തോക്കുകൾ എന്നിവ എലിഫന്റ് സ്ക്വാഡിന്റെ ആവശ്യത്തിന് ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു

(ബി) ഫലപ്രദമാണെന്ന് കാണുന്ന ഭാഗങ്ങളിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതാണ്. ഓരോരോ സ്ഥലങ്ങളിലും ഫലപ്രദമായ മറ്റു മാർഗ്ഗങ്ങളും (കിടങ്ങുകൾ, കരിങ്കൽ മതിലുകൾ, പഴയ റെയിൽ പാളങ്ങൾ ഉപയോഗിച്ചുള്ള വേലികൾ, ജൈവ വേലികൾ) അവലംബിച്ചുവരുന്നു.

(സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം നിമിത്തം മനുഷ്യർക്ക് ജീവഹാനിയും പരിക്കും സംഭവിച്ചതിനും കാർഷിക വിളകൾ നഷ്ടപ്പെട്ടതിനും, 24,80,614 രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണം തടയുന്നതിന് എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കായൽ കയ്യേറി ഫ്ളാറ്റ് നിർമ്മാണം

303 (305) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എൽ.എഫ്. കമ്പനി ചിലവന്നൂരിലെ കായൽ കയ്യേറി ഫ്ലാറ്റ് നിർമ്മിച്ചതിനെ സംബന്ധിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മൂന്നംഗ ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡി.എൽ.എഫ്. കമ്പനി ചിലവന്നൂരിൽ ഫ്ളാറ്റ് നിർമ്മിച്ചതിനെ സംബന്ധിച്ച് മൂന്നംഗ സമിതി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ (KCZMA) പരിഗണനയ്ക്ക് വെയ്ക്കുന്നതാണ്.

മൂന്നാറിൽ ബയോഡൈവർസിറ്റി ബൊട്ടാണിക്കൽ ഗാർഡൻ

304 (306) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ബയോഡൈവർസിറ്റി ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നാറിൽ ദേശീയ ജൈവവൈവിദ്ധ്യ ഉദ്യാനം തുടങ്ങുന്നതിന്റെ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ദേശീയ ജൈവവൈവിദ്ധ്യ ഉദ്യാനവും നാട്ടറിവ് കേന്ദ്രവും സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി ഇടുക്കി ജില്ലാകളക്ടർ, ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ, ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറി, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഉദ്യോഗസ്ഥ സംഘം മൂന്നാറിലെ വട്ടവട, കുണ്ടള, ദേവികുളം പ്രദേശങ്ങളിൽ സന്ദർശിച്ച് തയ്യാറാക്കിയ പ്രാരംഭ റിപ്പോർട്ട് ദേശീയ ജൈവവൈവിദ്ധ്യ അതോറിറ്റിക്ക് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനങ്ങൾക്കായി ജൈവവൈവിദ്ധ്യ അതോറിറ്റിയിൽനിന്നും ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. ജൈവവൈവിദ്ധ്യ ബോർഡിന്റെ 2014-2015 വർഷത്തെ പ്ലാൻ ഫണ്ടിൽ 9.1 ലക്ഷം രൂപ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) ബാധകമല്ല.

617/19

LIBRARY ARCHIVES Kerala Legislative Assembly